76 (2454) പരീക്ഷാ കൺട്രോളർ ഓഫീസിലെ ജീവനക്കാർ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശന പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ ആകെ എത്ര ജീവനക്കാരുണ്ട്; ഓരോരുത്തരുടെയും പേരും തസ്തികയും 'സ്കെയിൽ ഓഫ് പേയും' വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര പേർ ഡെപ്യൂട്ടേഷനിൽ ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും വന്നതാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ ഓരോരുത്തർക്കും എത്ര തവണ ഏതൊക്കെ തീയതികളിൽ ഡെപ്യൂട്ടേഷൻ കാലം ദീർഘിപ്പിച്ചു നൽകി എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ എത്ര പേർക്ക് കമ്പ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാന ബിരുദവും ബിരുദാനന്തര ബിരുദവുമുണ്ട്;

(ഇ) കമ്പ്യൂട്ടർ നെറ്റ് വർക്ക് പ്രവർത്തിപ്പിക്കുന്നത് കമ്പ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാന ബിരുദമെങ്കിലുമുള്ള ആരെങ്കിലുമാണോ എന്ന് വ്യക്തമാക്കുമോ;

(എഫ്) നിലവിലുള്ള ഒ.എം.ആർ. സിസ്റ്റം പരിഷ്ക്കരിക്കുന്നുണ്ടോ എന്നും അത് ഏത് രീതിയിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇരുപതു പേർ. വിശദവിവരം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.+

(ബി) 17 പേർ. 15 പേർ പൊതുവിദ്യാഭ്യാസ വകുപ്പിൽ (ഡി.പി.ഐ) നിന്നും ഒരാൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഒരാൾ ട്രഷറി വകുപ്പിൽ നിന്നുമാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വന്നിട്ടുള്ളത്.

(സി) അനുബന്ധം '2' ൽ വിശദവിവരം ചേർത്തിട്ടുണ്ട്.+

(ഡി) കമ്പ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാന ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള ആരുമില്ല.

(ഇ) കമ്പ്യൂട്ടർ ശാസ്ത്രത്തിൽ ബിരുദാനന്തര ഡിപ്ലോമയും വേണ്ടത്ര പ്രവർത്തിപരിചയവുമുള്ള വ്യക്തിയുടെ ചുമതലയിലാണ് നെറ്റ് വർക്ക് പ്രവർത്തിക്കുന്നത്.

(എഫ്) നിലവിലുള്ള ഒ.എം.ആർ. സിസ്റ്റം പരിഷ്ക്കരിക്കുന്നത് ഏതു രീതിയിലാവണമെന്നത് പരിശോധിച്ചു വരുന്നു.

77 (2455) ഡിപ്ലോമാക്കാർക്ക് ഉപരി പഠന സൗകര്യം

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ നിന്നും ഡിപ്ലോമ നേടി വരുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠന സൗകര്യം കൂട്ടുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോഴ്സുകളിൽ നിശ്ചയിച്ചിട്ടുള്ള അനുപാതം കൂട്ടി ഈ പ്രശ്നത്തിന് ഒരു പരിധി വരെയെങ്കിലും പരിഹാരം കാണുന്നതിന് സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ നിന്നും ഡിപ്ലോമ നേടിവരുന്ന വിദ്യാർത്ഥികൾക്ക് ബി.ടെക് പഠിക്കുന്നതിനായി സർക്കാർ നടത്തുന്ന എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാമിനേഷന് പ്രീഡിഗ്രി ഇല്ലെങ്കിലും ഡിപ്ലോമാക്കാർക്ക് പങ്കെടുക്കുവാൻ അവസരം നൽകിയിട്ടുണ്ട്. എൻട്രൻസ് ടെസ്റ്റ് പാസ്സാക്കി പ്രവേശനം ലഭിക്കുന്ന ഡിപ്ലോമാക്കാർക്ക് ബി.ടെക്കിന് ചേരുവാൻ അവസരം ലഭിക്കും.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

78 (2456) ഹെഡ്മാസ്റ്റർ പീഡിപ്പിക്കുന്നതായി പരാതി

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗവൺമെന്റ് യു.പി. എസ്.ൽ പി.ടി. മീനിയൽ ആയി ജോലി നോക്കുന്ന വിക്രമൻ നായരെ അകാരണമായി ഹെഡ്മാസ്റ്റർ പീഡിപ്പിക്കുന്നതായും ജോലി ചെയ്യുവാനും അറ്റന്റൻസ് രേഖപ്പെടുത്തുവാനും അനുവദിക്കുന്നില്ല എന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് ശ്രീ. വിക്രമൻ നായർ നൽകിയ നിവേദനത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ കൂട്ടാക്കാത്ത ഹെഡ്മാസ്റ്റർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) വിക്രമൻ നായരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. വിക്രമൻ നായർ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച നിവേദനം പരിശോധിക്കുകയും ടിയാനെ ഉടൻ സർവ്വീസിൽ പ്രവേശിപ്പിച്ച് വിവരം സർക്കാരിനെ അറിയിക്കുവാൻ കണിയാപുരം അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly